"ഭരണഭാഷ-മാതൃഭാഷ"

**കേരള സർക്കാർ**

## സംഗ്രഹം

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് - കേബിൾ ടി.വി ചാനലുകളെ വകുപ്പിന്റെ മീഡിയ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതുമായും, അവയ്ക്ക് സർക്കാർ പരസ്യങ്ങൾ അനുവദിക്കുന്നതുമായും ബന്ധപ്പെട്ട നയവും, നടപടിക്രമങ്ങളും, മാർഗ്ഗനിർദ്ദേശങ്ങളും പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

= = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = =

**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (ഡി) വകുപ്പ്**

**സ.ഉ(അച്ചടി)നം. 8/2021/ഐ&പി.ആർ.ഡി തിരുവനന്തപുരം,തീയതി:08.11.2021**

= = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = =

പരാമർശം:- (1) 26.02.2021 തീയതിയിലെ സ.ഉ(അച്ചടി) നമ്പർ 3/2021/ഐ&പി.ആർ.ഡി

(2) 10.08.2021 തീയതിയിലെ സ.ഉ(സാധാ)നം. 126/2021/ഐ&പി.ആർ.ഡി

## ഉത്തരവ്

ദൃശ്യമാധ്യമങ്ങളെ മീഡിയ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതുമായും അവയ്ക്ക് സർക്കാർ പരസ്യങ്ങൾ നൽകുന്നതുമായും ബന്ധപ്പെട്ട നടപടിക്രമങ്ങളിലും, മാർഗ്ഗനിർദ്ദേശങ്ങളിലും കാലോചിതമായ പരിഷ്കാരങ്ങൾ വരുത്തിക്കൊണ്ട് പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. കേബിൾ ടി.വി ചാനലുകളെ ഗവൺമെന്റ് ഓഫ് ഇന്ത്യ പോസ്റ്റൽ ഡിപ്പാർട്ട്മെന്റ് നൽകുന്ന ഫോം 3 പ്രകാരമുള്ള രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റേയും വകുപ്പ് മേഖല ഡെപ്യൂട്ടി ഡയറക്ടർമാരുടെ അന്വേഷണ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ മീഡിയ ലിസ്റ്റിൽ ഉൾപ്പെടുത്താവുന്നതാണെന്ന് പ്രസ്തുത ഉത്തരവിൽ പരാമർശിച്ചിരുന്നു.

(2) കേബിൾ ടി.വി ചാനലുകളെ വകുപ്പിന്റെ മീഡിയ ലിസ്റ്റിൽ എംപാനൽ ചെയ്യുന്നതിന്റെ ഭാഗമായി പരിശോധിക്കേണ്ട മറ്റ് വിവരങ്ങളെക്കുറിച്ച് ടി ഉത്തരവിൽ വിശദമായി പരാമർശിച്ചിട്ടില്ല. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, കേബിൾ ടി.വി ചാനലുകളുടെ എംപാനൽമെന്റ് നടപടികൾ സംബന്ധിച്ച നിലവിലെ നടപടിക്രമങ്ങളും, മാർഗ്ഗനിർദ്ദേശങ്ങളും വിശദമായി പരാമർശിച്ചുകൊണ്ടും, ആവശ്യമായ പരിഷ്കാരങ്ങൾ വരുത്തിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കേണ്ടതുണ്ടെന്ന് ബോധ്യമായിട്ടുണ്ട്. ഈ സാഹചര്യത്തിൽ കേബിൾ ടി.വി ചാനലുകളുടെ എംപാനൽമെന്റ് സംബന്ധിച്ച നടപടിക്രമങ്ങളും, മാർഗ്ഗനിർദ്ദേശങ്ങളും കാലോചിതമായി പരിഷ്കരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(3) **<u>കേബിൾ ടി.വി. ചാനലുകളെ മീഡിയ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനുള്ള മാനദണ്ഡങ്ങൾ</u>**

(a) പുതിയ കേബിൾ ചാനലുകൾക്ക് അവയുടെ വാണിജ്യപരമായ ലോഞ്ചിംഗ് നടത്തിയ തീയതി മുതൽ തുടർച്ചയായി ഒരു വർഷം സംപ്രേഷണം ചെയ്തതിനു ശേഷം മാത്രമേ മീഡിയ ലിസ്റ്റിൽ ഉൾപ്പെടുവാൻ അർഹതയുണ്ടായിരിക്കുകയുള്ളൂ. വാണിജ്യപരമായ ലോഞ്ചിംഗ് നടത്തിയ തീയതി എന്നർത്ഥമാക്കുന്നത് സാധാരണ ഉള്ളടക്കത്തോടെ പ്രേക്ഷകന് പൊതുവായി ചാനൽ ലഭ്യമാകുന്ന തീയതിയാണ്.

(b) ഏറ്റവും കുറഞ്ഞത് 3000 സ്ഥിരം സബ്സ്ക്രൈബേഴ്സ് (households) ഉണ്ടാകണം.

(c) ഗവൺമെന്റ് ഓഫ് ഇന്ത്യ പോസ്റ്റൽ ഡിപ്പാർട്ട്മെന്റ് നൽകുന്ന ഫോം 3 പ്രകാരമുള്ള രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ഉണ്ടായിരിക്കണം.

(d) ചാനൽ സംപ്രേഷണം സംബന്ധിച്ച് കേന്ദ്രസർക്കാർ പുറപ്പെടുവിച്ചിട്ടുള്ള കേബിൾ ടി.വി നെറ്റ്‌വർക്ക് റെഗുലേഷൻ ആക്ട് 1995-ൽ നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങളുടേയും, വ്യവസ്ഥകളുടേയും അടിസ്ഥാനത്തിൽ ആയിരിക്കണം മീഡിയ ലിസ്റ്റിൽ ഉൾപ്പെട്ട ചാനലുകൾ പ്രവർത്തിക്കേണ്ടത്. ഇതിനു വിരുദ്ധമായി പ്രവർത്തിക്കുന്ന ചാനലുകളെ മുന്നറിയിപ്പ് ഇല്ലാതെ തന്നെ മീഡിയ ലിസ്റ്റിൽ നിന്നും പുറത്താക്കുന്നതാണ്.

(e) മതപരമായ ചാനലുകളെ മീഡിയ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതല്ല.

(f) മീഡിയ ലിസ്റ്റിൽ ഉൾപ്പെട്ട ചാനലുകൾ അവയുടെ ഉടമസ്ഥാവകാശം കൈമാറ്റം ചെയ്യുന്നത്, സംപ്രേഷണം നിർത്തുന്നത് എന്നിവ സംബന്ധിച്ച വിവരങ്ങൾ അതത് സമയത്ത് വകുപ്പിനെ രേഖാമൂലം അറിയിക്കേണ്ടതാണ്.

(g) ചാനലുകളെ മീഡിയ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനുള്ള അപേക്ഷകളിലും അതു സംബന്ധിച്ച പരാതികളിലും പരാമർശം (2) പ്രകാരം രൂപീകരിച്ച സ്റ്റാന്റിംഗ് കമ്മിറ്റി അന്തിമതീരുമാനം കൈക്കൊള്ളുന്നതാണ്.

(4) **<u>മീഡിയ ലിസ്റ്റിൽ എംപാനൽമെന്റിനായി അപേക്ഷ സമർപ്പിച്ചിട്ടുള്ള കേബിൾ ടി.വി ചാനൽ സ്ഥാപനങ്ങളിൽ വകുപ്പ് മേഖല ഡെപ്യൂട്ടി ഡയറക്ടർമാർ പരിശോധന നടത്തുമ്പോൾ പാലിക്കേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ</u>**

(a) കേബിൾ ടി.വി ചാനലിന്റെ ഓഫീസിൽ മുന്നറിയിപ്പ് ഇല്ലാതെ പരിശോധന നടത്തണം.

(b) സ്ഥാപനത്തിൽ ആധുനിക സാങ്കേതിക സംവിധാനങ്ങൾ എന്തൊക്കെ ഏർപ്പെടുത്തിയിട്ടുണ്ടെന്ന് അന്വേഷിക്കണം.

(c) സ്ഥാപനത്തിലെ ജീവനക്കാരുടെ എണ്ണം, അടിസ്ഥാന സൗകര്യങ്ങൾ എന്നിവ പരിശോധിക്കണം.

(d) സ്വന്തമായി നെറ്റ്‌വർക്ക് ഇല്ലാത്തതും, പ്രൊപ്പറേറ്റർഷിപ്പ് അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്നതുമായ കേബിൾ ചാനലുകൾക്ക് ഗവൺമെന്റ് ഓഫ് ഇന്ത്യ പോസ്റ്റൽ ഡിപ്പാർട്ട്മെന്റ് നൽകുന്ന ഫോം 3 പ്രകാരമുള്ള രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ഉണ്ടോ എന്ന് പരിശോധിക്കുക.

(e) സ്വന്തമായി നെറ്റ്‌വർക്ക് ഉള്ള കേബിൾ ചാനലുകൾക്ക് പ്രസ്തുത നെറ്റ്‌വർക്ക് ഓപ്പറേറ്റ് ചെയ്യുന്നതിന് അനുമതി നൽകിക്കൊണ്ടുള്ള കേന്ദ്ര സർക്കാരിന്റെ മൾട്ടി സിസ്റ്റം ഓപ്പറേറ്റിംഗ് ലൈസൻസ് ഉണ്ടോ എന്ന് പരിശോധിക്കുക.

(f) സ്ഥിരം സബ്സ്ക്രൈബേഴ്സിന്റെ എണ്ണം സംബന്ധിച്ച ആധികാരിക രേഖകൾ പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്.

(g) സ്വന്തമായി കേബിൾ നെറ്റ്‌വർക്ക് ഇല്ലാത്ത സ്ഥാപനങ്ങൾ മറ്റ് നെറ്റ്‌വർക്കുകളിലൂടെ തങ്ങളുടെ ചാനൽ സംപ്രേഷണം ചെയ്യുന്നതുമായി ബന്ധപ്പെട്ട് ഏർപ്പെട്ടിട്ടുള്ള കോൺട്രാക്ട് എഗ്രിമെന്റ്, പ്രസ്തുത നെറ്റ്‌വർക്കിന്റെ സബ്സ്ക്രൈബേഴ്സിന്റെ എണ്ണം എന്നിവയുമായി ബന്ധപ്പെട്ട ആധികാരികരേഖകൾ പരിശോധിക്കണം.

(h) ദിനംപ്രതി സംപ്രേഷണം ചെയ്യുന്ന വാർത്തകൾ, മറ്റ് പ്രോഗ്രാമുകൾ എന്നിവയുടെ പൊതുസ്വഭാവവും വിലയിരുത്തണം.

(i) സ്ഥാപനം കഴിഞ്ഞ സാമ്പത്തിക വർഷം ആദായ നികുതി അടച്ചിട്ടുണ്ടെങ്കിൽ അത് സംബന്ധിച്ച സാക്ഷ്യപത്രം പരിശോധിക്കണം.

(j) കമ്പനീസ് ആക്ട്സ് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള സ്ഥാപനങ്ങളുടെ അതുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിക്കണം. കമ്പനീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തിട്ടില്ലാത്ത സ്ഥാപനങ്ങളുടെ (പ്രൊപ്പറേറ്റർഷിപ്പ് അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്നവ) ഉടമസ്ഥന്റെ/ഉടമസ്ഥരുടെ ആധാർ കാർഡിന്റെ പകർപ്പ്, പാൻ കാർഡിന്റെ പകർപ്പ് എന്നിവ ശേഖരിക്കണം. സ്ഥാപനത്തിന് ജി.എസ്.ടി രജിസ്ട്രേഷൻ ഉണ്ടെങ്കിൽ അവയുടെ പകർപ്പ് ശേഖരിക്കണം.

(k) സ്ഥാപനത്തിന്റെ ഓണർഷിപ്പ് വിശദാംശങ്ങൾ, സംപ്രേഷണം ചെയ്യുന്ന പരിപാടികളുടെ കണ്ടന്റിന്റെ ഉത്തരവാദിത്തം, ചാനൽ സംപ്രേഷണം സംബന്ധിച്ച് കേന്ദ്രസർക്കാർ പുറപ്പെടുവിച്ചിട്ടുള്ള കേബിൾ ടി.വി നെറ്റ്‌വർക്ക് റെഗുലേഷൻ ആക്ട് 1995-ൽ നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങളുടേയും, വ്യവസ്ഥകളുടേയും അടിസ്ഥാനത്തിലാണ് സ്ഥാപനം പ്രവർത്തിക്കുന്നത്

എന്നീ വിശദാംശങ്ങൾ രേഖപ്പെടുത്തിക്കൊണ്ടുള്ള സത്യവാങ്മൂലം ഉടമയിൽ നിന്നും വാങ്ങേണ്ടതാണ്.

(l) സ്ഥാപനത്തിന്റെ വാർഷിക വരവ് ചെലവ് കണക്ക്, ബാലൻസ് ഷീറ്റ് എന്നിവ സംബന്ധിച്ച സ്റ്റേറ്റ്മെന്റ് പരിശോധനാ വിധേയമാക്കാവുന്നതാണ്.

(m) സ്ഥാപനത്തിന്റെ പേര്, സ്ഥാപന ഉടമയുടെ പേര്, സ്ഥാപനത്തിന്റെ പൂർണ്ണമായ വിലാസം, ടെലഫോൺ നമ്പർ, ഇ-മെയിൽ ഐ.ഡി, സബ്സ്ക്രൈബേഴ്സിന്റെ എണ്ണം എന്നിവ റിപ്പോർട്ടിൽ വ്യക്തമായി രേഖപ്പെടുത്തണം.

(n) സ്ഥാപനത്തിന്റെ പേരിലോ, ഉടമയുടെ പേരിലോ സിവിൽ/ക്രിമിനൽ കോടതി കേസുകൾ നിലവിലുണ്ടോ എന്ന് അന്വേഷിക്കേണ്ടതും, ബന്ധപ്പെട്ട വിവരങ്ങൾ റിപ്പോർട്ടിൽ ഉൾപ്പെടുത്തേണ്ടതുമാണ്.

(o) സ്ഥാപനത്തെക്കുറിച്ച് അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥർ ചാനലിന്റെ ഓഫീസിൽ നേരിട്ടു ഹാജരായി സ്വയമേവ നേരിട്ട് മനസ്സിലാക്കിയ വസ്തുതകൾ, ദത്തങ്ങൾ (data) എന്നിവ അപഗ്രഥന പഠനങ്ങൾക്ക് വിധേയമാക്കിയായിരിക്കണം റിപ്പോർട്ട് തയ്യാറാക്കേണ്ടത്. മേൽ പ്രസ്താവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങളെ അടിസ്ഥാനമാക്കി നടത്തിയ പരിശോധനയുടെ സംക്ഷിപ്ത വിവരണം രേഖപ്പെടുത്തുകയും, അവയുടെ നിഗമനം എന്ന നിലയിൽ സബ്സ്ക്രൈബേഴ്സിന്റെ എണ്ണം സാക്ഷ്യപ്പെടുത്തുകയും വേണം.

(p) പരിശോധനയ്ക്ക് വിധേയമാക്കിയ എല്ലാ രേഖകളുടെയും പകർപ്പ് റിപ്പോർട്ടിനൊപ്പം സമർപ്പിക്കേണ്ടതാണ്.

**(5) <u>സർക്കാർ പരസ്യങ്ങൾ, പരസ്യനിരക്കുകൾ</u>**

(a) മീഡിയ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള കേബിൾ ടി.വി ചാനലുകൾക്ക് മാത്രമേ സർക്കാർ പരസ്യങ്ങൾ ലഭിക്കാൻ അർഹതയുണ്ടായിരിക്കുകയുള്ളൂ. കൂടാതെ മീഡിയ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള എല്ലാ ചാനലുകളും സർക്കാർ നൽകുന്ന എല്ലാ പരസ്യങ്ങളും നിർബന്ധമായും സംപ്രേഷണം ചെയ്യേണ്ടതാണ്.

(b) മീഡിയ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള എല്ലാ കേബിൾ ചാനലുകളിൽ നിന്നും പരസ്യത്തുകയുടെ 15% ഡിസ്കൗണ്ട് ഈടാക്കുന്നതാണ്.

(c) വിവിധ സർക്കാർ വകുപ്പുകൾ, കേരള സർക്കാർ ഉടമസ്ഥതയിലോ, നിയന്ത്രണത്തിലോ ഉള്ള പൊതുമേഖല സ്ഥാപനങ്ങൾ, കോർപ്പറേഷനുകൾ, ബോർഡുകൾ, യൂണിവേഴ്സിറ്റികൾ, സ്വയംഭരണ സ്ഥാപനങ്ങൾ, കോടതികൾ,

സർക്കാർ മിഷനുകൾ, സർക്കാർ ഉടമസ്ഥതയിലുള്ള കമ്പനികൾ, അർദ്ധ സർക്കാർ സ്ഥാപനങ്ങൾ എന്നിവയ്ക്ക് അവയുടെ പരസ്യങ്ങൾ, പാർട്ടി പേയ്മെന്റായി പി.ആർ.ഡി മുഖേനയോ, അല്ലാതെ നേരിട്ടോ കേബിൾ ചാനലുകളിൽ സംപ്രേഷണത്തിനായി നൽകാവുന്നതാണ്. ഈ പരസ്യങ്ങൾക്ക് പി.ആർ.ഡി നിരക്ക് ബാധകമായിരിക്കും. കൂടാതെ ടി സ്ഥാപനങ്ങൾക്ക് പരസ്യത്തുകയുടെ 15% ഡിസ്കൗണ്ട് ലഭിക്കുന്നതിന് അർഹതയുണ്ടായിരിക്കും.

(d) എല്ലാ കേബിൾ ചാനലുകൾക്കും അതത് സമയം പ്രാബല്യത്തിലുള്ള ചരക്ക് സേവന നികുതി ലഭിക്കുന്നതിന് അർഹതയുണ്ടായിരിക്കും.

(e) കേബിൾ ചാനലുകളുടെ സബ്സ്ക്രൈബേഴ്സിന്റെ എണ്ണം, സംപ്രേഷണം ചെയ്യുന്ന പരിപാടികളുടെ പൊതു സ്വഭാവം, സാങ്കേതിക മേന്മ, മറ്റ് രേഖകളുടെ വിശദാംശങ്ങൾ എന്നിവ സംബന്ധിച്ച വകുപ്പ് മേഖല ഡെപ്യൂട്ടി ഡയറക്ടർമാരുടെ പരിശോധന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ചാനൽ ഉടമകളുമായി നെഗോസിയേഷൻ നടത്തി പരസ്യനിരക്ക് നിശ്ചയിക്കേണ്ടതാണ്.

(f) പരസ്യം സംപ്രേഷണം ചെയ്ത വകയിലുള്ള ബില്ലുകളും (മൂന്ന് പകർപ്പ്), ടെലികാസ്റ്റ് സർട്ടിഫിക്കറ്റും, ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് എന്ന പേരിൽ തയ്യാറാക്കേണ്ടതാണ്. കൂടാതെ ബില്ലിൽ റിലീസ് ഓർഡർ നമ്പർ, തീയതി, പരസ്യത്തിന്റെ കാപ്ഷൻ എന്നിവ കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**സീന എ.എൻ**
ഡെപ്യൂട്ടി സെക്രട്ടറി

ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ബഹു. മുഖ്യമന്ത്രിയുടെ പ്രസ് സെക്രട്ടറിക്ക്
സെക്രട്ടറിയുടെ സി.എ-യ്ക്ക്
ഡയറക്ടറുടെ സി.എ-യ്ക്ക്
അഡീഷണൽ ഡയറക്ടറുടെ (ഇലക്ട്രോണിക് മീഡിയ) സി.എ യ്ക്ക്
ഡെപ്യൂട്ടി സെക്രട്ടറിയുടെ സി.എ യ്ക്ക്
ഡെപ്യൂട്ടി ഡയറക്ടർ (അഡ്വർടൈസ്മെന്റ് & മാർക്കറ്റിംഗ്)
ഇൻഫർമേഷൻ ഓഫീസർ (അഡ്വർടൈസ്മെന്റ് & മാർക്കറ്റിംഗ്)
ഇൻഫർമേഷൻ ഓഫീസർ (വെബ്&ന്യൂമീഡിയ)
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

**സെക്ഷൻ ഓഫീസർ**